"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം - കൃഷി ഫീൽഡ് ഓഫീസറായ ശ്രീ . സന്തോഷ് കുമാർ.എസ്.-ന് പലിശരഹിത ചികിത്സ വായ്പ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ)വകുപ്പ്**

സ.ഉ.(സാധാ) നം.453/2024/AGRI തീയതി,തിരുവനന്തപുരം, 23-05-2024

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/03/2024 ലെ ADFW/3945/2024-ACT A നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുട കൃഷി ഭവനിൽ കൃഷി ഫീൽഡ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ . സന്തോഷ് കുമാർ.എസ്-ന് ക്യാൻസർ തുടർ ചികിത്സയ്ക്കായി 9,50,000/- ( ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശരഹിത ചികിത്സ വായ്പ അനുവദിക്കുന്നതിനായി ടിയാൻ റീജിയണൽ കാൻസർ സെന്ററിലെ ഡോക്ടറുടെ എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റ് സഹിതം സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ഇരിങ്ങാലക്കുട കൃഷി ഭവനിലെ ഫീൽഡ് ഓഫീസർ ശ്രീ.സന്തോഷ് കുമാർ.എസ്-ന്റെ (DOB-12/05/1973, PEN-321646) ക്യാൻസർ (CARCINOMA TONGUE)(Immunotherapy) തുടർ ചികിത്സയ്ക്കായി, 9,50,000/- (ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ച് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (01)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3. ഇപ്രകാരം അനുവദിച്ച 9,50,000/-(ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.സന്തോഷ് കുമാർ.എസ് സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 9 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക

ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിൽസയുടെ ബില്ലുകൾ മാത്രം സമർപ്പിക്കേണ്ടതും അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രം ലഭ്യമാക്കേണ്ടതുമാണ്. വായ്പ ക്രമീകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ കൈപ്പറ്റിയ തീയതിയും ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീ.സന്തോഷ് കുമാർ.എസ്., കൃഷി ഫീൽഡ് ഓഫീസർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തരം)

സബ് ട്രഷറി ഓഫീസർ, ഇരിങ്ങാലക്കുട

ധനകാര്യ വകുപ്പ് (2782730 / Loans-L3/28/2024-FIN തീയതി 22/05/2024)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (HEALTH-G2/189/2024-HEALTH)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/93/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ